**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി (2012-17)- ആസൂത്രണ മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും കൂടുതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ച്-പരിഷ്കരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ)നം.2993 /2016/തസ്വഭവ തീയതി, തിരുവനന്തപുരം 02.11.2016

പരാമർശം :-1) സ.ഉ(എം.എസ്)നം.04/2016/തസ്വഭവ തീയതി 11.01.2016.

2) 26.10.2016-ൽ നടന്ന സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ പൊതു വിഷയങ്ങളിലെ 1 മുതൽ 5 വരെ തീരുമാനങ്ങൾ.

## ഉത്തരവ്

പരാമർശം (2) ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്ത പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1 2016-17 -ലെ വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാമസഭ, വാർഡ് സഭ യോഗങ്ങൾ ചേർന്ന് നവംബർ 15നകം ഗുണഭോക്തൃ പട്ടിക തയ്യാറാക്കി നിർവഹണ ഉദ്യോഗസ്ഥർക്ക് കൈമാറേണ്ടതാണ്.

2 2016-17 -ലെ വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച നിർമ്മാണ പ്രവൃത്തികളുടെ സാങ്കേതിക അനുമതി നവംബർ 15 നകം ലഭ്യമാക്കണം.

3 വ്യക്തിഗത ഗുണഭോക്തൃ പട്ടിക നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകുന്നതും, അംഗീകരിച്ച നിർമ്മാണ പ്രവൃത്തികൾക്ക് സമയപരിധിക്കകം സാങ്കേതിക അനുമതി ലഭിക്കുന്നതും പദ്ധതി നിർവ്വഹണ പുരോഗതി സംബന്ധിച്ചും ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ അദ്ധ്യക്ഷനായും, ജില്ലാ കളക്ടർ കൺവീനറായും, ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ എന്നിവർ അംഗങ്ങളായുള്ള ജില്ലാ തല കമ്മിറ്റി രൂപീകരിച്ച് ഓരോ ആഴ്ചയിലും മോണിറ്റർ ചെയ്യേണ്ടതാണ്. മാസത്തിൽ ഒരു തവണ ബ്ലോക്കടിസ്ഥാനത്തിൽ അവലോകനം നടത്തേണ്ടതാണ്.

4 ലോകബാങ്ക് വിഹിതം 2016-17 വർഷം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുകയ്ക്കുള്ള പ്രോജക്ടുകൾ രൂപീകരണത്തിന് സുലേഖ സോഫ്റ്റ് വെയറിൽ വേണ്ട ക്രമീകരണങ്ങൾ വരുത്തുവാൻ ഐ.കെ.എം.നെ ചുമതലപ്പെടുത്തി. ആയവയുടെ പ്രോജക്ട് ജില്ലാ ആസൂത്രണ സമിതി അംഗീകാരം വാങ്ങുന്നതിലേയ്ക്കായുള്ള അവസാന തീയതി 15.11.2016 ആയിരിക്കും.

5 പദ്ധതികളുടെ ഭാഗമായി ഉൾപ്പെടുത്തിയ ഏതെങ്കിലും പ്രോജക്ടുകൾ അംഗീകാരം നൽകാതെ തിരിച്ച് അയയ്ക്കുകയാണെങ്കിൽ പ്രസ്തുത പ്രോജക്ടിൽ വേണ്ട തിരുത്തൽ വരുത്തി സമർപ്പിക്കുകയോ modified പ്രോജക്ട് ഏറ്റെടുക്കുകയോ ചെയ്യേണ്ടതാണ് . ഈ സന്ദർഭത്തിൽ അംഗീകാരം ലഭിച്ച മറ്റ് പ്രോജക്ടുകളിൽ ഭേദഗതി വരുത്താൻ പാടില്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**എ.കെ.മോഹന കുമാർ**
ഗവ.ജോയിന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
എല്ലാ ജില്ലാ പ്ലാനിംഗ് ആഫീസർമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി/എസ്.റ്റി വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും(ഗ്രാമ വികസന കമ്മീഷണർ മുഖേന)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്:-** തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**